(ബി) ഉണ്ടെങ്കിൽ എത്ര തുക അതിനുവേണ്ടി ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) പ്രത്യേകമായി ചെലവൊന്നും ഉണ്ടായിട്ടില്ല.

മാർപ്പാപ്പയുടെ കേരള സന്ദർശനം

323 [353] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർപ്പാപ്പയുടെ കേരള സന്ദർശനത്തിന് സംസ്ഥാന സർക്കാരിന് എന്തെങ്കിലും ചെലവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാഷ്ട്രത്തലവൻ എന്ന നിലയിൽ വരുന്ന ചിലവുകൾ മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്. വിശദ വിവരം ശേഖരിച്ചുവരുന്നു.

പുനർനിയമനം ലഭിച്ച പെൻഷൻ പറ്റിയ ഗസറ്റഡ് ഓഫീസർമാർ

324 [355] ശ്രീ. വി. വി. ജോസഫ്:
,, ഇ. ജെ. ലൂക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പെൻഷൻ പറ്റിയ എത്ര ഗസറ്റഡ് ഓഫീസർമാർക്ക് സർക്കാർ സർവീസിലും പൊതുമേഖല സ്ഥാപനങ്ങളിലും പുനർനിയമനം ലഭിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം പുനർനിയമനം നടത്തുന്നതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാങ്കേതിക പരിജ്ഞാനം, പരിചയ സമ്പന്നത, പകരം ആളുകളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് ഇവയാണ് ഇപ്രകാരം പുനർനിയമനം നടത്തുന്നതിനുള്ള കാരണങ്ങൾ.

അഴിമതി നിരോധന കമ്മീഷന്റെ റിപ്പോർട്ടുകൾ

325 [356] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഴിമതി നിരോധന കമ്മീഷൻ കഴിഞ്ഞ വർഷവും ഈ വർഷവും ഗവർണ്ണർക്കു നൽകിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അഴിമതി നിരോധന കമ്മീഷന്റെ ഒന്നും രണ്ടും റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അഴിമതി നിരോധന നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

കടുവാക്കുളം ഹരിജൻ കോളനിയിലെ റിക്രിയേഷൻ സെന്റർ

326 [357] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പനച്ചിക്കാട് പഞ്ചായത്തിലെ കടുവാക്കുളം ഹരിജൻ കോളനിയിലെ റിക്രിയേഷൻ സെന്ററിനുവേണ്ടിയുള്ള കെട്ടിടം പൂർണ്ണമായും നശിച്ചുപോയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിക്രിയേഷൻ സെന്ററിനുവേണ്ടി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പനച്ചിക്കാട് പഞ്ചായത്തിലെ കടുവാക്കുളം ഹരിജൻ കോളനിയിൽ പട്ടികജാതി വികസന വകുപ്പിന്റെവക റിക്രിയേഷൻ സെന്റർ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട് താലൂക്കിൽ ഹരിജൻ ഹോസ്റ്റൽ

327 [358] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ ഹരിജൻ ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് എ. എസ്സും., എഫ്. എസ്.-ഉം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പണി തടസ്സപ്പെട്ടുകിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തിരമായി ഈ കെട്ടിടം പണിയുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അടിയന്തിരമായി ഈ കെട്ടിടം പണിയുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

ആദിവാസികളുടെ ഭവന നിർമ്മാണ പദ്ധതിയിൽ 1982-നു മുൻപ് പണിയാരംഭിച്ചവ

328 [359] ശ്രീ. കെ സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഭവന നിർമ്മാണ പദ്ധതിപ്രകാരം 1982-ന് മുൻപ് പണിയാരംഭിച്ച എത്ര വീടുകളുടെ പണി ഇനിയും പൂർത്തിയാകാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly